# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ
## എലത്തൂർ മേഖലാ കാര്യാലയം

ഫോൺ: 0495 2462030

പുതിയങ്ങാടി (പി.ഒ)
കോഴിക്കോട്–673021

EZ-6/B1/2233/14

തീയതി : 24.03.2023

### ലേലം/ടെൻഡർ നോട്ടീസ്

കോഴിക്കോട് കോർപറേഷൻ എലത്തൂർ മേഖല കാര്യാലയ പരിധിയിലുള്ള എലത്തൂർ ബസ്സ്റ്റാൻഡിലെ 3 മുറികൾ നിലവിലുള്ള അവസ്ഥയിൽ പ്രതിമാസ ലൈസൻസ് ഫീ വ്യവസ്ഥയിൽ ലേലം/ടെൻഡർ മുഖാന്തരം നൽകുന്നതാണ്. ലേലം 10/04/2023 തിയ്യതി 3.30 ന് എലത്തൂർ മേഖലകാര്യാലയത്തിൽ വെച്ച് നടക്കും. ടെൻഡർ സമർപ്പിക്കുന്നവർ മുദ്രവെച്ച കവറിൽ നിരക്ക് വ്യക്തമായി രേഖപ്പെടുത്തി.10.04.2023 ന് 3 മണിക്ക് മുമ്പായി എലത്തൂർ മേഖലാ കാര്യാലയം റവന്യൂ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്

| ROOM NO | FACE VALUE | EMD |
|---|---|---|
| 1/68 | 1500/- | 10000/- |
| 1/69 | 1500/- | 10000/- |
| 1/70 | 1500/- | 10000/- |

### നിബന്ധനകൾ

1. ഓരോ മുറികളും പ്രത്യേകം പ്രത്യേകമായിരിക്കും ലേലം ചെയ്യുക. ടെൻഡർ സമർപ്പിക്കുന്നവർ ഓരോ മുറിക്കും പ്രത്യേകം ടെൻഡർ സമർപ്പിക്കേണ്ടതാണ്. നഗരസഭ നിശ്ചയിക്കുന്ന മുഖവിലയുടെ അടിസ്ഥാനത്തിൽ ആയിരിക്കും ലേലം നടത്തുക. ടെൻഡറുകൾ ലേലം കഴിഞ്ഞതിന് ശേഷം മാത്രമേ തുറന്നു പരിശോധിക്കുകയുള്ളു.ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ലേല ഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്.ടെണ്ടർ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്.

2. EMD ഓരോ മുറിക്കും 10000/- രൂപയായിരിക്കും. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലത്തിന് മുമ്പായി EMD തുക പണമായി ലേല ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതാണ്. ടെൻഡർ സമർപ്പിക്കുന്നവർ

കോർപറേഷൻ സെക്രട്ടറിയുടെ പേരിൽ എടുത്ത ഡിമാൻഡ് ഡ്രാഫ്റ്റോ, എലത്തൂർ മേഖലാ കാര്യാലയത്തിൽ തുക അടവാക്കിയ രസീതോ ടെൻഡറിനോപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. ഒന്നും, രണ്ടും സ്ഥാനക്കാരുടെ EMD ഓഫീസ് അക്കൗണ്ടിലേക്ക് മുതൽകൂട്ടുന്നതും രണ്ടാം സ്ഥാനക്കാരന്റെ - EMD ഒന്നാം സ്ഥാനക്കാരൻ ഉടമ്പടി സമർപ്പിക്കുന്ന മുറക്ക് തിരികെ നൽകുന്നതുമാണ്. ഒന്നാം സ്ഥാനക്കാരന്റെ EMD സെക്യൂരിറ്റി ഡെപ്പോസിറ്റ് സഹിതം ഉടമ്പടി സമർപ്പിക്കുന്ന മുറക്ക് തിരികെ നൽകുന്നതാണ്.

3. സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക പ്രതിമാസ ലൈസൻസ് ഫീസിന്റെ 12 മടങ്ങായിരിക്കും. ആയത് നിരക്ക് അംഗീകരിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ ഈ മേഖലാ കാര്യാലയത്തിൽ അടവാക്കേണ്ടതാണ്. ഈ തുക കരാറുടമ്പടിയിലെ വ്യവസ്ഥകൾ പ്രകാരം മുറികൾ നഗരസഭക്ക് തിരികെ ഏല്പിക്കുന്ന മുറക്ക് ബാധ്യതകൾ ഒന്നും തന്നെയില്ല എന്ന് ഉറപ്പ് വരുത്തിയ ശേഷം തിരികെ നൽകുന്നതാണ്.

4. മുറികൾ നിലവിലുള്ള അവസ്ഥയിലാണ് ലേലം/ടെൻഡർ ചെയ്തു നൽകുന്നത്. ലേലത്തിന് മുമ്പായി മുറികൾ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. ലേലം അംഗീകരിച്ച ശേഷം യാതൊരു പരാതിയും ഉന്നയിക്കാൻ ലൈസൻസിക്ക് അവകാശമുണ്ടായിരിക്കുന്നതല്ല . അപ്രകാരം മുറികൾ ഏറ്റെടുക്കാതെ വന്നാൽ EMD കണ്ടുകെട്ടി പകരം സംവിധാനം ഏർപ്പെടുത്തുന്നതിന് നഗരസഭക്ക് അധികാരമുണ്ട്.

5. നിയമാനുസൃത നികുതികൾ ലൈസൻസ് ഫീയോടൊപ്പം ഈടാക്കുന്നതാണ്.

6. ആദ്യമാസത്തെ ലൈസൻസ് ഫീ ലേലം/ടെൻഡർ അംഗീകരിച്ചു അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം അടവാക്കേണ്ടതാണ്. തുടർന്നുള്ള ലൈസൻസ് ഫീ ഓരോ മാസവും അഞ്ചാം തിയ്യതിക്കകം അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിലവിലുള്ള നിരക്കിൽ പലിശ ഈടാക്കുന്നതാണ്.

7. നിശ്ചിത സമയപരിധിക്കകം ലൈസൻസ് ഫീ അടവാക്കാത്ത പക്ഷം കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 215 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ നഗരസഭക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

8. മുറികൾ മേൽവാടകക്കോ അല്ലാതെയോ മറ്റൊരു വ്യക്തിക്ക് കൈമാറാൻ പാടുള്ളതല്ല.

9. മുറികൾ ലൈസൻസി നഗരസഭയെ തിരിച്ചേൽപ്പിക്കാൻ ഉദ്ദേശിക്കുന്ന പക്ഷം 3 കലണ്ടർ മാസങ്ങൾക്ക് മുമ്പ് അറിയിപ്പ് നൽകേണ്ടതും നഗരസഭക്ക് ലേലം/ടെൻഡർ ചെയ്യാനുള്ള അവസ്ഥയിൽ തിരിച്ചേല്പിക്കേണ്ടതുമാണ്.

10. അനുവദനീയമായ കച്ചവടം മാത്രമേ നടത്താൻ പാടുള്ളു. മുറികളിൽ നിരോധിച്ച ഉത്പന്നങ്ങളുടെ വില്പന, സ്റ്റോക്ക് ചെയ്യൽ എന്നിവ നടത്താൻ പാടില്ല.

11. ലേലം/ടെൻഡർ ദിവസം യാദൃശ്ചികമായി അവധി പ്രഖ്യാപിക്കപ്പെടുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്ത് ലേലം/ടെൻഡർ നടത്തുന്നതായിരിക്കും.

12. നഗരസഭയുടെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ കെട്ടിടത്തിൽ യാതൊരു മാറ്റവും വരുത്താൻ പാടുള്ളതല്ല.

13. മുറികളുടെ വൈദ്യുതി, വെള്ളക്കരം, സർക്കാരിലേക്ക് നൽകാനുള്ള മറ്റ് ഫീസുകൾ എന്നിവ ലൈസൻസി തന്നെ അടവാക്കേണ്ടതാണ്.

14. നഗരസഭയുടെ മുറികൾ എന്നനിലയിൽ കച്ചവടം നടത്തുന്നതിന് യാതൊരു ഇളവും ലഭിക്കുന്നതല്ല. നിയമാനുസൃതമായ എല്ലാ അനുമതികളും ലൈസൻസിയുടെ സ്വന്തം ഉത്തരവാദിത്വത്തിൽ ലഭ്യമാക്കേണ്ടതാണ്. ആയതിലേക്ക് വല്ല NOC യും ആവശ്യമാകുന്നപക്ഷം അനുവദനീയമാണെങ്കിൽ നഗരസഭ നൽകുന്നതാണ്.

15. മൂന്ന് വർഷത്തേക്കാണ് മുറികൾ അനുവദിക്കുക. മൂന്ന് വർഷത്തിന് ശേഷവും മുറികൾ ആവശ്യമുള്ള പക്ഷം കരാർ കാലാവധി അവസാനിക്കുന്നതിന് 3 മാസം മുമ്പേ നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ലൈസൻസി കരാർ ഉടമ്പടിയിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്ന പക്ഷം കൌൺസിൽ അതാത് സമയം നിശ്ചയിക്കുന്ന നിരക്ക് വർദ്ധനവ് അടവാക്കണമെന്ന വ്യവസ്ഥയിൽ 3 വർഷത്തേക്ക് കൂടി അനുമതി നൽകുന്നതാണ്. ഇപ്രകാരം നിരക്ക് വർദ്ധനയോടെ കരാർ പുതുക്കുന്ന പക്ഷം നിരക്കിന് ആനുപാതികമായ സെക്യൂരിറ്റി ഡെപ്പോസിറ്റ് വ്യത്യാസ തുക അടവാക്കാൻ ലൈസൻസി ബാധ്യസ്ഥനായിരിക്കും.

16. ലേലം/ടെൻഡർ സ്വീകരിക്കുവാനും യാതൊരു കാരണവും കൂടാതെ നിരസിക്കുവാനും നഗരസഭ കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

18. ലേലം/ടെൻഡർ സംബന്ധിച്ച് കൌൺസിൽ അംഗീകരിച്ച എല്ലാ നിബന്ധനകളും, ഇതുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളും ഈ ലേലം/ടെൻഡറിന് ബാധകമാണ്.

19. ഈ ലേലം/ടെണ്ടർ നോട്ടീസ് കരാറുടമ്പടിയുടെ ഭാഗമാക്കുന്നതാണ്.

(ഒപ്പ്)

ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി,
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ.

CALICUT CORPORATION

ഉത്തരവിൻ പ്രകാരം/അയക്കുന്നു,

റവന്യൂ ഓഫീസർ

പകർപ്പ്

മെയിൻ ഓഫീസ് നോട്ടീസ് ബോർഡ്

എലത്തൂർ,ചെറുവണ്ണൂർ,നല്ലളം,ബേപ്പൂർ

മേഖലാകാര്യാലയങ്ങളുടെ നോട്ടീസ് ബോർഡ്

എലത്തൂർ ബസ്സ്സ്റ്റാൻറ്

വെബ്സൈറ്റ്